**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **23-02-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ജീവനക്കാരുടെ എണ്ണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ നിലമ്പൂരിൽ പ്രവർത്തനമാരംഭിച്ച സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വിശദമാക്കാമോ; | (എ) | 1. അസിസ്റ്റന്റ് രജിസ്ട്രാർ - 1 2. യൂണിറ്റ് ഇൻസ്പെക്ടർ - 3 3. ഓഫീസ് ഇൻസ്പെക്ടർ - 1 4. സ്പെഷ്യൽ സെയിൽ ആഫീസർ -1 5. ക്ലാർക്ക് - 1 6. ഓഫീസ് അറ്റൻഡന്റ് - 1 |
| (ബി) | നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ എ.ആർ.സി. & ഇ.പി. വിഭാഗം പ്രവർത്തിക്കുന്നുണ്ടോയെന്നും ഈ വിഭാഗത്തിൽ തസ്തികകൾ അനുവദിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ എ.ആർ.സി. & ഇ.പി.തസ്തികകൾ അനുവദിച്ചിട്ടില്ല. നിലവിൽ സ്പെഷ്യൽ സെയിൽ ഓഫീസർ എ.ആർ.സി. കേസുകൾ കൈകാര്യം ചെയ്തു വരുന്നതിനാൽ പുതിയ തസ്തിക സൃഷ്ടിക്കുന്ന വിഷയം തല്ക്കാലം പരിഗണനയിലില്ല |
| (സി) | നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ഒരു അറ്റൻഡർ തസ്തിക മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്നതുകാരണം സമൻസ്, മെസഞ്ചർ എന്നീ ജോലികൾ ഒരാൾ തന്നെ ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യമായ പുതിയ അറ്റൻഡർ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ ഒരു പുതിയ അറ്റെൻഡർ തസ്തിക സൃഷ്ടിക്കുന്നത് തല്ക്കാലം പരിഗണനയിലില്ല. |
| (ഡി) | നിലമ്പൂർ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ ഓഡിറ്റ് വിഭാഗത്തിലെ ഓഫീസ് സൂപ്രണ്ട് (ജൂനിയർ) എന്ന തസ്തിക അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | സഹകരണ വകുപ്പിലെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ ഓഫീസ് സൂപ്രണ്ട്, അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ഓഫീസിലെ ഓഫീസ് ആഡിറ്റർ തസ്തികകളിൽ ജൂനിയർ/ സീനിയർ/സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, ജൂനിയർ/ സീനിയർ/സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ എന്നിങ്ങനെ നിശ്ചയിച്ചിട്ടില്ലാത്തതാണ്. ജൂനിയർ/സീനിയർ/ സ്പെഷ്യൽ ഗ്രേഡ് ഇൻസ്പെക്ടർ, ജൂനിയർ/ സീനിയർ/ സ്പെഷ്യൽ ഗ്രേഡ് ആഡിറ്റർ തസ്തികകളിലെ ഏത് ഉദ്യോഗസ്ഥനെയും ആഫീസ് സൂപ്രണ്ട്, ഓഫീസ് ആഡിറ്റർ തസ്തികകളിൽ നിയമിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ